## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ) നടപടിക്രമം

വിഷയം:- ആരോഗ്യവകുപ്പ് - പൊതുസ്ഥലംമാറ്റം 2019 - അന്തർജില്ലാ സ്ഥലംമാറ്റം - ഡിസ്ട്രിക്ട് ഒഫ്താൽമിക് കോ-ഓർഡിനേറ്റർ - അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. സർക്കാർ ഉത്തരവ് (പി) 03/2017/ഉ.പ.ഭ.വ, തിരുവനന്തപുരം തീയതി 25/02/2017

2. സർക്കാർ ഉത്തരവ് 830/2018/ആ.കു.വ തിരുവനന്തപുരം, തീയതി 12/03/2018

3. ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ് തീയതി 14/02/2019

**ഉത്തരവ് നമ്പർ : ഇ.എഫ്4 -8430/19/ആ.വ.ഡ തീയതി : 07/03/2019**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച് പരിഷ്കരിച്ച് മാനദണ്ഡങ്ങളും, മാർഗ്ഗ നിർദ്ദേശങ്ങളും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന് വിധേയമായി പൊതുസ്ഥലംമാറ്റം സുതാര്യമായി നടത്തുന്നതിന് നാഷണൽ ഇൻഫർമാറ്റിക് സെന്ററിനെ ചുമതലപ്പെടുത്തുകയും സ്പാർക്ക് വഴി ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ സ്വീകരിച്ച് പരാമർശം (3) പ്രകാരം പ്രസിദ്ധപ്പെടുത്തിയ കരട് ലിസ്റ്റിന്മേലുള്ള ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി എഴ് ദിവസം അനുവദിക്കുകയും ആയതിൻ പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമായ അപേക്ഷകൾ അപ്പീൽ കമ്മിറ്റി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം സ്ഥലംമാറ്റം നൽകിയിരുന്ന ഡിസ്ട്രിക്ട് ഒഫ്താൽമിക് കോ-ഓർഡിനേറ്റർമാരെ അവർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ തുടരുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു

(ഒപ്പ്)
ഡോ.ബിന്ദുമോഹൻ
അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)

സ്വീകർത്താവ് :-

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ
2. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ

പകർപ്പ് :-

ഫയൽ / കരുതൽ ഫയൽ

// അംഗീകാരത്തോടെ//

സൂപ്രണ്ട്

കെ.ജി

GOVERNMENT OF KERALA 2017-18

9962254